# സർക്കാരിൻറെ
# ആദ്യ പൊതുവിതരണ കേന്ദ്രം
# തലസ്ഥാനത്ത് ഇന്ന് തുറക്കും.

സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്ന സപ്ലൈകോയുടെ ആദ്യ പൊതുവിതരണ കേന്ദ്രം ഇന്ന് (നവംബർ മൂന്ന്) ഉച്ചയ്ക്ക് 2.30 ന് തിരുവനന്തപുരം പുളിമൂട് സ്റ്റാച്യുവിൽ തുറക്കും. ഉദ്ഘാടനം വീഡിയോ കോൺഫറൻസ് വഴി ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി പി . തിലോത്തമൻ നിർവ്വഹിക്കും. വി.എസ് ശിവകുമാർ എം .എൽ.എ അധ്യക്ഷത വഹിക്കും. നഗരസഭ മേയർ കെ. ശ്രീകുമാർ ആദ്യ വില്പന നടത്തും. ഭക്ഷ്യ – പൊതുവിതരണ വകുപ്പ് സെക്രട്ടറി പി. വേണുഗോപാൽ, സിവിൽ സപ്ലൈസ് ഡയറക്ടർ ഹരിത വി. കുമാർ, കൗൺസിലർ വ ഞ്ചിയൂർ ബാബു സപ്ലൈകോ മേഖലാ മാനേജർ വി. ജയപ്രകാശ് എന്നിവർ സന്നിഹിതരാകും. സപ്ലൈകോ മാനേജിംഗ് ഡയറക്ടർ രാഹുൽ .ആർ സ്വാഗതവും ജില്ലാ സപ്ലൈ ഓഫീസർ ജലജ ജി.എസ് റാണി നന്ദിയും പറയും. ഭക്ഷ്യ ഭദ്രതാ - നിയമത്തിൻറെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും വിലയ്ക്കും ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തിൻറെ ഭാഗമായിട്ടാണിത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**